പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 126

23.01.2018 ൽ
മറുപടിക്ക്

## ജനമൈത്രി പോലീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ജനമൈത്രി പോലീസ് രൂപീകരിച്ചപ്പോൾ സർക്കാർ ലക്ഷ്യം വച്ച ഗുണഫലങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. സ്ത്രീകൾ, കുട്ടികൾ, ആദിവാസികൾ, വൃദ്ധസദനങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കി പരിഹാരം കാണാൻ ജനമൈത്രി സംവിധാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ ഭാഗമായി ഭവനസന്ദർശനങ്ങളും റസിഡന്റ്സ് അസോസിയേഷനുമായി ബന്ധപ്പെട്ട ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങളും, ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്കും ആവലാതികളിലേയ്ക്കും നേരിട്ട് ഇടപെടാൻ പോലീസിനെ സഹായിക്കുന്നുണ്ട്. |
| ബി) ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എന്തൊക്കെയാണ് കണ്ടെത്തിയ വസ്തുതകളെന്ന് വ്യക്തമാക്കമോ; | ബി) ബാധകമല്ല. |
| സി) പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കാൻ എന്തെല്ലാം നടപടികളാണ് പുതുതായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) ജനമൈത്രി പോലീസിന്റെ ഭാഗമായി ഭവനസന്ദർശനം നടത്തുന്നതിലൂടെ ഓരോ വീടുകളിലേയും മുതിർന്നവരുടേയും കുട്ടികളുടേയും വിവരങ്ങൾ ശേഖരിച്ചു വരുന്നു. കൂടാതെ പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>1. Janamaithri Night Patrolling Project<br>2. Co-ordinating private security guards |

3. Building up infrastructure for security
4. Stranger check programme
5. Protection of senior citizens
6. Security and welfare of women and children
7. Crime stopper system
8. Traffic warden system
9. Blood donation programme
10. School/College Jagratha samithis
11. Vanitha Jagratha samithis
12. Security for Taxi/Auto drivers & other labour
13. Anti Drug/Liquor programme
14. Complaint box
15. Disaster mitigation voluntary committee
16. Victim support cell
17. Environmental friendly Samithi
18. Tribal Janamaithri project
19. Women Self Defence Training Programme
20. She Autos
21. Lahari Virudha Kaval Koottam (Anti drug vigilance team)
22. Kadalora Jagratha Samithi (Coastal Vigilance Committee)

| | |
|---|---|
| ഡി) ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ഇപ്പോൾ ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്. പോലീസ് സ്റ്റേഷനുകളിലെ അവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ